**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2835</u>** **<u>13.03.2018 ൽ മറുപടിയ്ക്ക്</u>**

# <u>തരിശു ഭൂമിയും ജലസ്രോതസ്സുകളും കർഷകർക്ക് വിട്ടുകൊടുക്കുന്നതിന് പദ്ധതി</u>

**ചോദ്യം**
**ശ്രീ.അബ്ദുൽ ഹമീദ് പി**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) തരിശായി കിടക്കുന്ന കൃഷി യോഗ്യമായ ഭൂമിയും മറ്റ് ജല സ്രോതസ്സുകളും കൃഷി ആവശ്യങ്ങൾക്കായി കർഷകർക്ക് വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

എ) ഉണ്ട്. തരിശ്ഭൂമി കൃഷി ആവശ്യത്തിന് വിട്ടുകൊടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂവുടമകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി നിലവിലുണ്ട്. തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശായി കിടക്കുന്ന നിലങ്ങൾ ഏറ്റെടുത്ത് അവിടെ നെൽകൃഷി ചെയ്യുന്ന കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഹെക്ടറിന് 1-ാം വർഷം 25,000/- രൂപ, 2-ാം വർഷം 5,800/- രൂപ, 3-ാം വർഷം 3,750/- രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ തരിശായി കിടക്കുന്ന നിലങ്ങൾ നെൽകൃഷിയിറക്കുന്നതിനായി വിട്ടുകൊടുക്കുന്ന പ്രകാരം ഭൂവുടമകൾക്ക് ഹെക്ടറിന് 1-ാം വർഷം 5,000/- രൂപ, 2-ാം വർഷം 1,200/- രൂപ, 3-ാം വർഷം 750/- രൂപ പ്രകാരവും പ്രോത്സാഹനമായി നൽകിവരുന്നു. അതുപോലെതന്നെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഹെക്ടറിന് 25,000/- രൂപയും അതിനായി ഭൂമി വിട്ടുനൽകുന്ന ഭൂവുടമയ്ക്ക് 5,000/- രൂപയും ആനുകൂല്യം നൽകി വരുന്നു.

ജനകീയാസൂത്രണ പദ്ധതിയുടെ 2017-18-ലെ സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ, തീയതി 03.04.2017) പ്രദർശന മാതൃകാ

കൃഷിത്തോട്ടങ്ങളും ഔഷധസസ്യ തോട്ടങ്ങളും- നഴ്സറികളും, വിത്ത് ഉല്പാദന കേന്ദ്രങ്ങളും തരിശുരഹിത ഗ്രാമവും എന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കൃഷിയോഗ്യമായ തരിശുഭൂമി സ്വന്തം/ പാട്ടത്തിനുള്ളത് മാതൃക പ്രദർശന തോട്ടമായി കൃഷി ചെയ്യണം എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ തരിശ്ഭൂമി കൃഷിക്ക് വിട്ടുകൊടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ച ചെയ്ത നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കണം. ഭൂവുടമ കൃഷി ചെയ്യാൻ അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ആയിരിക്കണം. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ/ കർഷക ഗ്രൂപ്പുകൾ/ സ്വയംസഹായ സംഘങ്ങൾ/ മറ്റുള്ളവർ എന്നിവർക്കും ഭൂവുടമയുമായി കൃഷി ഭവന്റെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടണം എന്ന് നിർദ്ദേശിക്കുന്നുണ്ട്.

കൂടാതെ 2008- ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിലെ 15, 16 വകുപ്പ്, 2017- ലെ ഭേദഗതി ഓർഡിനൻസ് എന്നിവ പ്രകാരം തരിശായി ഇട്ടിരിക്കുന്ന നെൽവയൽ കൃഷി ചെയ്യുന്നതിന് ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിനും അല്ലാത്തപക്ഷം ആയത് കൃഷി ചെയ്യുന്നതിനുള്ള അവകാശം പാടശേഖരസമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്/ സ്വയംസഹായ സംഘങ്ങൾക്ക്/ കുടുംബശ്രീ യൂണിറ്റുകൾക്ക്/ മറ്റ് ഏതെങ്കിലും ആൾക്ക് നൽകുന്നതിനും പ്രാദേശിക നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്.

ജലസ്രോതസ്സുകൾ കർഷകർക്കു വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന Rainfed Area Project, PMKSY എന്നീ പദ്ധതികൾ വഴി വൃത്തിയാക്കുന്ന ജലസ്രോതസ്സുകൾ കർഷകർ ജലസേചനത്തിനായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നുണ്ട്.

| | | |
|---|---|---|
| ബി) | ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ? | ബി) ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്ത് തിരിച്ച് കൃഷി വകുപ്പിൽ ലഭ്യമല്ല. ഇതിന്റെ കണക്കെടുപ്പ് കൃഷി വകുപ്പ് എടുത്തു വരികയാണ്. |

Mayaf

**സെക്ഷൻ ഓഫീസർ**